(ഡി) കുറ്റകൃത്യങ്ങളുടെ എണ്ണം, ഭൂമിശാസ്ത്രപരമായ കിടപ്പ്, ക്രമസമാധാന പ്രശ്നങ്ങൾ, ജനസംഖ്യ, സ്ഥലങ്ങളുടെ പ്രാധാന്യം, നിലവിലുള്ള പോലീസ് സ്റ്റേഷന്റെ അധികാരപരിധിയുടെ വിസ്തീർണ്ണം, അടുത്തുള്ള പോലീസ് സ്റ്റേഷനുമായുള്ള അകലം, വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം മുതലായവയുടെ അടിസ്ഥാനത്തിൽ, സാമ്പത്തിക പരിമിതികൾക്കുവിധേയമായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നു.

ദേശാഭിമാനി ലേഖകനെ മർദ്ദിച്ചതു സംബന്ധിച്ച് കേസ്

709. [1145] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1986 ആഗസ്റ്റ് 27-ാം തീയതി തൃശ്ശൂരിലെ പോപ്പുലർ ഓട്ടോമൊബൈൽസിനു മുന്നിൽവച്ച് ദേശാഭിമാനി ലേഖകനായ വാസുദേവനെ പോലീസ് മർദ്ദിച്ചതിനെ സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ഉത്തരം

ഇല്ല. ദേശാഭിമാനി ലേഖകനായ ശ്രീ. വാസുദേവനെ പിടിച്ചുതള്ളിയ ജോണി എന്ന ആംഡ് റിസർവ് പോലീസ് കോൺസ്റ്റബിളിനെ 28-8-1986-ൽ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യുകയും ഡിപ്പാർട്ടുമെൻറൽ അന്വേഷണത്തിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

വിഴിഞ്ഞത്ത് വിദ്യാധരന്റെ വീട്ടിൽ നടന്ന കവർച്ച

710. [1146] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-5-1986-ൽ അർദ്ധരാത്രിയിൽ വിഴിഞ്ഞം മുക്കോല സ്വദേശിയായ വികലാംഗനായ വിദ്യാധരന്റെ വീട് ചവിട്ടിത്തുറന്ന് അകത്തുകയറി അയാളുടെ ഭാര്യയുടെ കഴുത്തിൽ കിടന്ന താലി മാലയും 8,000 രൂപയും കവർച്ച ചെയ്ത കേസിന്റെ അന്വേഷണം എത്രവരെയായി;

(ബി) തൊണ്ടി സാധനം കണ്ടെടുത്തോ ;

(സി) ഇപ്പോഴും ശ്രീ. വിദ്യാധരനു സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ :

(ഇ) ഇല്ലെങ്കിൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ കേസിന്റെ അന്വേഷണ മദ്ധ്യേ ഏതെങ്കിലും അന്വേഷണോദ്യോഗസ്ഥൻ അനാസ്ഥ കാണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതിലേക്ക് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം 78/86 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) പ്രതികൾ 8,000 രൂപ മോഷണം ചെയ്തിട്ടില്ലായെന്നു വെളിവായിട്ടുണ്ട്. മോഷണം ചെയ്തെടുത്ത മാല കണ്ടെടുത്തിട്ടില്ല. ആയതിലേക്ക് അന്വേഷണം തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ലോക്കൽ പോലീസിന്റെ അന്വേഷണം അപര്യാപ്തമെന്നു കണ്ടാൽ പരിഗണിക്കുന്നതാണ്.
(എഫ്) അനാസ്ഥ കാണിച്ചതായി ശദ്ധയിൽപ്പെട്ടിട്ടില്ല. അനാസ്ഥ ഉണ്ടായിട്ടുണ്ടെന്ന് തെളിഞ്ഞാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർക്ക് നേരെ നടന്ന ലാത്തിച്ചാർജ്

711. [1149] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 19-6-1986-ൽ കൊല്ലത്തുവച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർക്ക് നേരെ നടന്ന ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കാൻ നിയുക്തമായ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചോ ;
(ബി) കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ ;
(സി) ഉണ്ടെങ്കിൽ എന്നുവരെ നീട്ടിയിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) 19-3-1987 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വൽസയുടെ കൊലപാതകം

712 [1154] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കണ്ണംപ്രക്കൊണ്ടിയിൽ വൽസ എന്ന സ്ത്രീയുടെ കൊലപാതകത്തോടനുബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ ഏതു വകുപ്പനുസരിച്ചാണ് കേസ് ചാർജ് ചെയ്തിട്ടുള്ളതെന്നും ഈ കേസിൽ ആരാണ് പ്രതികളെന്നും വ്യക്തമാക്കാമോ ;
(സി) ഈ കേസിനെ സംബന്ധിച്ച് ആരിൽ നിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;
(ഡി) ഉണ്ടെങ്കിൽ ആരിൽ നിന്നുമാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്.
(ബി) ഐ. പി. സി. 495 (എ) വകുപ്പു അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മരിച്ച വൽസയുടെ ഭർത്താവ് ചന്ദ്രനാണ് പ്രതി.
(സി) ഉണ്ട്.
(ഡി) ആം ഇന്ത്യ സ്വതന്ത്ര മഹിളാ അസോസിയേഷൻ സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly